3

# യിസ്രായേലുമായുള്ള ദൈവത്തിന്റെ നിയമം

*"യഹോവ പിന്നെയും മോശെയോടു: 'ഈ വചനങ്ങളെ എഴുതിക്കൊൾക, ഈ വചനങ്ങൾ ആധാരമാക്കി ഞാൻ നിന്നോടും യിസ്രായേലിനോടും നിയമം ചെയ്തിരിക്കുന്നു' " എന്നു അരുളി ചെയ്തു. അവൻ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും നാല്പതു പകലും നാല്പതു രാവും യഹോവയോടുകൂടെ ആയിരുന്നു, അവൻ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു" (പുറപ്പാട് 34:27, 28).*

പഴയ നിയമത്തിലെ മുഖ്യ കല്പനകളിൽ ഒന്നായിരുന്നു യിസ്രായേലുമായുള്ള, ദൈവത്തിന്റെ നിയമം. ഈ നിയമം അബ്രഹാമിന്നു കൊടുത്ത വാഗ്ദാനം ക്രിസ്തുവിൽ നിറവേറ്റുന്നതു വരെ സൂക്ഷിച്ചിരുന്നു (ഗലാത്യർ 3:17-19). "ജാതികളുടെ പിതാവു" (ഉല്പത്തി 17:2-5; 22:17) എന്നു പ്രതിഫലിപ്പിക്കുവാൻ ദൈവം അബ്രഹാമിന്റെ പേർ മാറ്റി (ആദ്യം അബ്രാം എന്നായിരുന്നു, അർത്ഥം "ശ്രേഷ്ടമായ പിതാവ്"). അവന്റെ സന്തതികൾ വർദ്ധിച്ചു പെരുകും എന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നു. അവൻ ഇതു അബ്രഹാമിന്റെ സന്തതി ഇസഹാക്കിനു വീണ്ടും കൊടുത്തു (ഉല്പത്തി 26:4) പേരമകൻ യാക്കൊബിനും അവന്റെ പേർ മാറ്റി യിസ്രായേൽ എന്നാക്കി വാഗ്ദാനം പുതുക്കി കൊടുത്തു (ഉല്പത്തി 28:14; 32:28).

### ഈ ഉടമ്പടിയുടെ പശ്ചാത്തലം

മിസ്രയിമിൽ ദാസനാക്കുവാൻ സഹോദരങ്ങളാൽ വില്ക്കപ്പെട്ടവൻ, യാക്കൊബിന്റെ അടുത്ത - ഏറ്റവും - ചെറിയ - മകൻ, യോസേഫും ഉൾപ്പെടുന്ന സംഭവങ്ങളെല്ലാം ആ നിയമസ്ഥിരീകരണത്തിൽ അടങ്ങിയ കാര്യങ്ങളാൽ അവിടെ അവനെ ഫറവോന്റെ ഭാര്യ, അവൻ തന്നെ ബലാൽകാരം ചെയ്തു എന്ന വ്യാജകുറ്റം ചുമത്തുകയും ഫറവോൻ അവനെ തടവിലാക്കുകയും ചെയ്തു. ആദ്യം ഏഴു വർഷത്തെ സമൃദ്ധിയും പിന്നെ ഏഴുവർഷത്തെ ക്ഷാമവും ഉണ്ടാകും എന്നു ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തതു

കൊണ്ട് അവനെ തടവിൽ നിന്നു സ്വതന്ത്രനാക്കുകയും മിസ്രയിമിലെ രണ്ടാം ഭരണാധികാരി ആക്കുകയും ചെയ്തു. ക്ഷാമം മിസ്രയിമിൽ നിന്നു പുറത്തേക്കു കനാൻ വരെ വ്യാപിച്ചു. യാക്കൊബ് ധാന്യം വാങ്ങുവാൻ തന്റെ മക്കളെ മിസ്രയിമിലേക്ക് അയച്ചു. യോസേഫ് തന്നെ തന്റെ സഹോദരങ്ങൾക്കു വെളിപ്പെടുത്തുകയും പിതാവിനെ ക്ഷാമത്തിന്റെ ദൈർഘ്യവും കാഠിന്യവും നിമിത്തം മിസ്രയിമിലേക്കു കൊണ്ടു വരുവാൻ പറഞ്ഞു. ദൈവം യാക്കൊബിനു പ്രത്യക്ഷനായി "മിസ്രയിമിലേക്കു പോകുവാൻ ഭയപ്പെടേണ്ട, അവിടെ ഞാൻ നിന്നെ വലിയ ജാതിയാക്കും എന്നു അരുളിച്ചെയ്തു" (ഉല്പത്തി 46:3). യാക്കൊബ് തന്റെ ഭാര്യമാരെയും, അവന്റെ മക്കളെയും, അവരുടെ ഭാര്യമാരെയും മക്കളെയും അടക്കം - മൊത്തം എഴുപതു പേർ - മിസ്രയിമിലേക്കു പോയി (പുറപ്പാട് 1:1-5). അവരുടെ അംഗസംഖ്യപെട്ടെന്നു പെരുകി: "യിസ്രായേൽമക്കൾ സന്താന സമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു. ദേശം അവരെക്കൊണ്ടു നിറഞ്ഞു" (പുറപ്പാട് 1:7).

ആളുകൾ മിസ്രയിമിൽ ചെന്നു നാനൂറു വർഷങ്ങൾക്കു ശേഷം, അനവധിവർഷത്തെ അടിമത്വത്തിനു ശേഷം, മോശെ ദൈവജനത്തെ മിസ്രയിമിൽ നിന്നു വിടുവിച്ചു കൊണ്ടു വന്നു. ദൈവം വാഗ്ദാനം ചെയ്തതുപോലെ (ഉല്പത്തി 12:2) അബ്രഹാമിന്റെ സന്തതികൾ വലിയ ജാതിയായിത്തീർന്നു. ഈ അടിമ ജനസംഖ്യ ഇരുപതുവയസ്സുള്ള യുദ്ധം ചെയ്യുവാൻ കഴിവുള്ള പുരുഷന്മാർ 605,550 ഉം (സംഖ്യാപുസ്തകം 1:45, 46). യിസ്രായേലിൽ മതപരമായ പ്രവൃത്തികൾ, ചെയ്യുവാൻ പ്രാപ്തരായ ലേവ്യാഗോത്രത്തിൽ നിന്നു 22,000 പുരുഷന്മാരും (സംഖ്യാപുസ്തകം 3:39) ഉൾപ്പെടുന്നു (സംഖ്യാപുസ്തകം 1:50-53).

അബ്രഹാമിന്റെ പിൻഗാമികളായ, ഇസഹാക്ക്, യാക്കോബ് എന്നിവർ മിസ്രയിമിൽ നിന്നു സിനായ് പർവ്വതത്തിലേക്കു വന്നു (പുറപ്പാട് 19:23; 20:1-17) അതിനെ ഹോരേബ് എന്നു വിളിക്കുന്നു (ആവർത്തന പുസ്തകം 5:2), അവിടെ വെച്ചു ദൈവം അവർക്കു ഒരു ദേശീയ നിയമം കൊടുത്തു. ഈ നിയമത്തെക്കുറിച്ചു മോശെ ചോദിച്ചു, "നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു? ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി ഏതുള്ളു?" (ആവർത്തന പുസ്തകം 4:7, 8).

## ഈ നിയമത്തോടു കൂടി - ചേർക്കൽ

ന്യായപ്രമാണത്തിൽ, ചട്ടങ്ങളും, വിധികളും, ന്യായങ്ങളും ഉൾക്കൊള്ളിച്ചിരുന്നു (ആവർത്തന പുസ്തകം 4:7, 8, 45; 5:1), അവയെല്ലാം യഹോവയുടെ കല്പനകൾ ആയി കണക്കാക്കപ്പെട്ടിരുന്നു. മോശെ പറഞ്ഞു, "ഞാൻ നിങ്ങളോടു കല്പിക്കുന്ന

നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ നിന്നു കുറക്കുകയോ ചെയ്യരുത് (ആവർത്തന പുസ്തകം 4:2).

ഈ നിയമത്തെ "നിയമ പുസ്തകം" എന്നും (പുറപ്പാട് 24:7), "നിയമ രക്തം" എന്നും (പുറപ്പാട് 24:8), "നിയമ പലകകൾ" (ആവർത്തന പുസ്തകം 9:11) എന്നും അറിയപ്പെടുന്നു. "നിയമപെട്ടകം" എന്നും (സംഖ്യാപുസ്തകം 10:33; 14:44; ആവർത്തന പുസ്തകം 10:8), പത്തു കല്പനകൾ രണ്ടു കല്പലകകളിൽ എഴുതി പെട്ടകത്തിൽ സൂക്ഷിച്ചിരുന്നതായി അറിയപ്പെട്ടിരുന്നതായി നാം വായിക്കുന്നു (ആവർത്തന പുസ്തകം 10:4, 5).

നിയമത്തെ "സാക്ഷ്യം" എന്നു പറഞ്ഞിട്ടുണ്ട് (പുറപ്പാട് 27:21; 31:18; 32:15; 34:29; 40:20). അക്കാരണത്താൽ നാം ഈ അധിക പ്രയോഗത്തിൽ കൂടെ കാണുന്നു: "സാക്ഷ്യപെട്ടകം" (പുറപ്പാട് 25:16, 21, 22), "രണ്ടു സാക്ഷ്യ പലകകൾ" (പുറപ്പാട് 31:18), "സാക്ഷ്യ കൂടാരം" [അല്ലെങ്കിൽ കൂടാരം] (പുറപ്പാട് 38:21; സംഖ്യാ പുസ്തകം 1:50; 2 ദിനവൃത്താന്തങ്ങൾ 24:6), "സാക്ഷ്യത്തിന്മേലുള്ള കൃപാസനം" (ലേവ്യാപുസ്തകം 16:13), "സാക്ഷ്യത്തിന്റെ തിരശ്ശീല" (ലേവ്യാ പുസ്തകം 24:3). ഈ പേരുകളുടെ എല്ലാം അടിസ്ഥാനത്തിന്മേലായിരിക്കും യെഹൂദ തിരുവെഴുത്തുകളെ പഴയനിയമം (സാക്ഷ്യം) എന്നും ക്രിസ്തീയ തിരുവെഴുത്തുകളെ, പുതിയനിയമം എന്നും വിളിച്ചിരിക്കുന്നത്.

യെഹൂദ്യയെ ബാബേൽ പ്രവാസത്തിലേക്കു കൊണ്ടു പോകുന്നതിനു പല വർഷങ്ങൾക്കു മുൻപു യോശിയാവിന്റെ കാലത്ത് (2 ദിനവൃത്താന്തങ്ങൾ 35:3) ആണ് പഴയ നിയമത്തിൽ അവസാനമായി നിയമ പെട്ടകത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. പുതിയ നിയമത്തിൽ പെട്ടകത്തെ പറ്റി പറയുന്നത് (എബ്രായർ 9:4) സൂചിപ്പിക്കുന്നതു ഗ്രന്ഥകാരൻ പെട്ടകത്തെ പറ്റി അറിഞ്ഞിരുന്നു എന്നാണ്. അവസാനമായി അതിനെ പറ്റി പറഞ്ഞിരിക്കുന്നത് യോഹന്നാൻ (ഒരു ദർശനത്തിൽ) സ്വർഗ്ഗത്തിൽ ദൈവാലയത്തിൽ കണ്ടതായിട്ടാണ് (വെളിപ്പാട് 11:19).

പത്തു കല്പനകളെ പറ്റി പറയുമ്പോൾ ആവർത്തന പുസ്തകത്തിൽ "സാക്ഷ്യം" എന്ന വാക്ക് ഉപയോഗിക്കാതെ "നിയമം" എന്ന വാക്ക് മാത്രം ഉപയോഗിക്കുമ്പോൾ പുറപ്പാടു പുസ്തകത്തിലും ലേവ്യാപുസ്തകത്തിലും, സംഖ്യാ പുസ്തകത്തിലും "നിയമം" എന്നും "സാക്ഷ്യം" എന്നും ഉപയോഗിച്ചിരിക്കുന്നതു ഒരു പക്ഷെ ചെറിയ പ്രാധാന്യമുള്ള വസ്തുതയായിരിക്കാം.

### ഈ നിയമത്തിന്റെ സ്വഭാവം

ദൈവം യിസ്രായേലുമായി ഉണ്ടാക്കിയ നിയമത്തെ സംബന്ധിച്ച പ്രധാന വസ്തുതകൾ ലഭ്യമാണ്.

(1) *ദൈവം നിയമം ഉണ്ടാക്കി.* രണ്ടു കക്ഷികളിൽ താഴ്ന്ന കക്ഷിയായ, യിസ്രായേലിന്മേൽ, ദൈവം ഒരു ഉടമ്പടി

ചെലുത്തുകയായിരുന്നു. അവൻ നല്കുന്ന വാക്കുകൾ എഴുതുവാൻ ദൈവം മോശെയോടു പറഞ്ഞു. കാരണം, ഈ വാക്കുകൾ അനുസരിച്ചായിരുന്നു അവൻ നിയമം ചെയ്തതു (പുറപ്പാട് 34:27). മോശെ പറഞ്ഞു, "നമ്മുടെ ദൈവമായ യഹോവ ഹോരേബിൽ വെച്ചു നമ്മോടു ഒരു നിയമം ചെയ്തുവല്ലൊ" (ആവർത്തന പുസ്തകം 5:2).

(2) *നിയമം ദൈവവും യിസ്രായേലും തമ്മിൽ ആയിരുന്നു.* ആ ഉടമ്പടിയിൽ ദൈവവും യിസ്രായേലും മാത്രമാണ് ഉൾപ്പെട്ടിരുന്നത് (പുറപ്പാട് 34:27; ആവർത്തന പുസ്തകം 5:1, 2; 1 രാജാക്കന്മാർ 8:9, 21). നിയമം ചെയ്തതു യിസ്രായേലിന്റെ പൂർവ്വികന്മാരോടോ മറ്റു ദേശങ്ങളോടോ ആയിരുന്നില്ല. മോശെ പറഞ്ഞു, "ഈ നിയമം യഹോവ നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോടു, ഇന്നു ഇവിടെ ജീവനോടിരിക്കുന്ന നമ്മോടു ഒക്കെയും തന്നെ ചെയ്തതു" (ആവർത്തന പുസ്തകം 5:3). നിയമം തുടരുന്നതും യിസ്രായേൽ ജനത്തിനു മാത്രം ആയിരുന്നു.

(3) *ആ നിയമത്തിൽ മുഖ്യമായതു പത്തു കല്പനകൾ ആയിരുന്നു.* പുറപ്പാട് 34:28 പറയുന്നു, "അവൻ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു." നാല്പതു വർഷം കഴിഞ്ഞ്, യിസ്രായേൽ യോർദ്ദാൻ കടന്നു വാഗ്ദത്ത ദേശത്തു പ്രവേശിക്കുന്നതിനു മുൻപു മോശെ പറഞ്ഞു, "നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നു അവൻ നിങ്ങളോടു കല്പിച്ച തന്റെ നിയമമായ പത്തു കല്പന അവൻ നിങ്ങളെ അറിയിക്കയും രണ്ടു കല്പലകയിൽ എഴുതുകയും ചെയ്തു" (ആവർത്തനപുസ്തകം 4:13; കൂടാതെ 10:1–4 ഉം നോക്കുക).

''പത്തു കല്പനകളിലെ'' ''കല്പനകൾ'' എന്ന പ്രയോഗം എബ്രായ വാക്ക് *ഡാബർ* എന്നതു തർജ്ജിമ ചെയ്തതാണ്, അർത്ഥം "വാക്ക്" അല്ലെങ്കിൽ "പറച്ചിൽ" എന്നാണ്. ഈ നാമം 770 പ്രാവശ്യം "വാക്ക്" എന്നും കിങ്ങ് ജെയിംസ് വെർഷനിൽ 20 പ്രാവശ്യം "കല്പന" എന്നുമാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. എബ്രായ വാക്കായ *മിത്സ്വാ* എന്നതു മിക്കവാറും തർജ്ജിമ ചെയ്തതു ''കല്പന'' എന്നാണ്. പക്ഷെ അതു ഒരിക്കലും പത്തു കല്പനകളെ അല്ല ഉദ്ദേശിച്ചത്. പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *എന്റോൾ* എന്നാണ്, അതു സ്ഥിരമായി അർത്ഥമാക്കുന്നത് "കല്പന" എന്നാണ്. ഈ പത്തു പറച്ചിലുകൾ വെറും നല്ല ആശയങ്ങൾ മാത്രമായിരുന്നില്ല. മറിച്ചു, അവ പറഞ്ഞ അതേ രീതിയിൽ, ദൈവത്തിന്റെ വാക്കുകളായി, അവന്റെ കല്പനകളായി പരിഗണിക്കേണ്ടതായിരുന്നു.

(4) *നിയമത്തിന്റെ മദ്ധ്യസ്ഥൻ മോശെയായിരുന്നു.* നിയമം നല്കി വിവരിച്ചുകൊണ്ട്, മോശെ പറഞ്ഞു, ''യഹോവ പർവ്വതത്തിൽ തീയുടെ നടുവിൽ നിന്നു നിങ്ങളോടു അഭിമുഖമായി അരുളിച്ചെയ്തു. തീ ഹേതുവായി നിങ്ങൾ ഭയപ്പെട്ടു നിങ്ങൾ പർവ്വതത്തിൽ കയറാഞ്ഞതുകൊണ്ടു യഹോവയുടെ വചനം നിങ്ങളോടു അറിയിക്കേണ്ടതിന്നു ഞാൻ അക്കാലത്തു യഹോവക്കും നിങ്ങൾക്കും മദ്ധ്യേ നിന്നു" (ആവർത്തന പുസ്തകം 5:4, 5). ഈ നിയമത്തിനു

ശേഷം, മോശെ യിസ്രായേൽ മക്കൾക്കു പത്തു കല്പനകൾ കൊടുത്തു (ആവർത്തന പുസ്തകം 5:6–21).

(5) *സിനായ് പർവ്വതത്തിൽ അല്ലെങ്കിൽ ഹോരേബിൽവെച്ചു നിയമം കൊടുത്തു:* നിയമം ചെയ്യുന്നതിനു മുൻപു യിസ്രായേൽ ജനത്തെ മോശെ സീനായ് പർവ്വതത്തിനടുത്തു വരെ കൊണ്ടുവന്നു (പുറപ്പാട് 19:17, 18). സിനായ് പർവ്വതത്തിൽ കയറി ദൈവത്തിൽ നിന്നു നിയമവും വാങ്ങി മോശെ യിസ്രായേൽ ജനത്തിനു നല്കുവാനായി വന്നു (പുറപ്പാട് 19:23–20:17). ഹോരേബിൽ വെച്ചു ദൈവം അവരോടു ഒരു നിയമം ചെയ്തു എന്ന് അവൻ പറഞ്ഞു: പിന്നെ അവൻ പത്തു കല്പനകൾ വിവരിച്ചു പറഞ്ഞു (ആവർത്തന പുസ്തകം 5:2–21).

(6) *നിയമത്തിന്റെ അടിസ്ഥാനരേഖ രണ്ടു കല്പലകകളിൽ എഴുതി, നിയമപെട്ടകത്തിൽ വെച്ചു.* പത്തു കല്പനകളിലെ വാക്കുകൾ “ദൈവ വിരലുകൾ കൊണ്ട് എഴുതിയത് [അല്ലെങ്കിൽ കൊത്തിയതു] (പുറപ്പാട് 31:18; ആവർത്തന പുസ്തകം 9:10), കല്പലകകളുടെ രണ്ടു വശത്തും എഴുതിയിരുന്നു (പുറപ്പാട് 32:15, 16). രണ്ടു കല്പലകകളിൽ എഴുതപ്പെട്ട വസ്തുത പുറപ്പാട് 34:1 ലും ആവർത്തന പുസ്തകം 5:22; 9:10; 10:3, 4 ലും ആവർത്തിച്ചിട്ടുണ്ട്.

വാസ്തവത്തിൽ, മോശെ ആദ്യത്തെ കല്പലകകളുമായി ഇറങ്ങിവന്നപ്പോൾ യിസ്രായേൽ ജനത്തിന്റെ വഷളത്വം കണ്ടു അവ എറിഞ്ഞുടച്ചു കളഞ്ഞിരുന്നു (പുറപ്പാട് 32:19; ആവർത്തന പുസ്തകം 9:16, 17). മോശെ രണ്ടാമത് സിനായ് പർവ്വതത്തിലേക്കു കയറിപോകുന്നതിനു മുൻപു ദൈവം അവനോടു ഖദിര മരം കൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞിരുന്നു. (പെട്ടകത്തിന്റെ പ്രത്യേകതകൾ പുറപ്പാട് 25:10–22 വരെയും; പെട്ടകം പണിയുന്ന കാര്യം പുറപ്പാട് 37:1–9 ലും രേഖപ്പെടുത്തിയിട്ടുണ്ട്.) പുതിയ കല്പനകൾ കിട്ടിയശേഷം മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്നു അതു പെട്ടകത്തിൽ വെച്ചു (ആവർത്തന പുസ്തകം 10:1–5). ശലോമോന്റെ കാലത്തു ആ കല്പലകകൾ പെട്ടകത്തിൽ തന്നെ ആയിരുന്നു (1 രാജാക്കന്മാർ 8:9, 21).

(7) *മിസ്രയിമിൽ നിന്നു ജനം വിട്ടു വന്നശേഷമായിരുന്നു ദൈവം യിസ്രായേലുമായി നിയമം ചെയ്തതു* (1 രാജാക്കന്മാർ 8:9, 12). അതു ആദാം, നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കൊബ് എന്നിവരോടോ അവരുടെ ഉടനെയുണ്ടായ സന്തതികളോടോ ചെയ്തതായിരുന്നില്ല (ആവർത്തന പുസ്തകം 5:1–4), അല്ലെങ്കിൽ ഭൂമിയിലെ മറ്റാരുമായോ ഉണ്ടാക്കിയതല്ല. യിസ്രായേൽ ഒരു ദേശമാകുന്നതിനു മുൻപോ, അവർ മിസ്രയിം വിട്ടു പോകുന്നതിനു മുൻപോ ആ നിയമം ചെയ്തില്ല. അവർ ഒരു കുടുംബത്തിൽ നിന്നും, അലഞ്ഞുതിരിയുന്ന ഗോത്രമായി, മിസ്രയിമിൽ അടിമജനമായി, അങ്ങനെ പുരോഗമിച്ചു മുഴുവളർച്ച എത്തിയ ദേശമായി.

(8) *നിയമം രക്തത്താൽ ഉറപ്പിക്കുന്ന കരാർ അല്ലെങ്കിൽ, ഉടമ്പടി, ബാധിക്കുന്ന ഒരു സമ്മതം ആയിരുന്നു.* പുതിയ നിയമം പ്രതിഷ്ഠിച്ചു നിയമ കർത്താവിന്റെ മരണത്താൽ സമർപിച്ച ശേഷം (എബ്രായർ 9:16,

17) എബ്രായ ലേഖകൻ പറഞ്ഞു,

> അതുകൊണ്ടു ആദ്യ നിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല. മോശെ ന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകല ജനത്തോടും പ്രസ്താവിച്ച ശേഷം പശുക്കിടാങ്ങളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു "ഇതു ദൈവം നിങ്ങളോടു കല്പിച്ച നിയമത്തിന്റെ രക്തം" എന്നു പറഞ്ഞു (9:18-20).

യുവാക്കളായ പുരുഷന്മാർ മൃഗയാഗങ്ങൾ അർപ്പിച്ച ശേഷമായിരുന്നു നിയമം പ്രതിഷ്ഠിച്ചു കൊടുത്തത്. "അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു. ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറപ്പാട് 24:8).

ഒരിക്കൽ നിയമം സ്ഥിരപ്പെടുത്തിയാൽ, അതിനോടു കൂട്ടിച്ചേർക്കുവാനോ, മോഡി പിടിപ്പിക്കാനോ പാടില്ല. നിയമത്തിന്റെ മാറ്റമില്ലാത്ത അവസ്ഥയെ പൗലൊസ് ചൂണ്ടിക്കാണിക്കുന്നുണ്ട്: "സഹോദരന്മാരേ, ഞാൻ മനുഷ്യരുടെ ഇടയിൽ നടപ്പുള്ള ഒരു ദൃഷ്ടാന്തം പറയാം, ഒരു മനുഷ്യന്റെ നിയമം ആയാലും അതിന്നു ഉറപ്പു വന്ന ശേഷം ആരും ദുർബ്ബലമാക്കുകയോ, അതിനോടു വല്ലതും കൂട്ടി കല്പിക്കുകയോ ചെയ്യുന്നില്ല" (ഗലാത്യർ 3:15). ദൈവം യിസ്രായേലുമായി ചെയ്ത നിയമം പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ, നിബന്ധനകൾ കൂട്ടിച്ചേർക്കാനോ, മറ്റാളുകളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാനോ സാധ്യമല്ല. ദൈവവും യിസ്രായേലും മാത്രം ഉൾപ്പെടുന്ന പ്രത്യേക നിബന്ധനകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന നിയമമായിരുന്നു, അതിൽ മറ്റാരും ഉൾപ്പെടുന്നില്ല.

(9) *യിസ്രായേൽ ആ നിയമം പാലിച്ചാൽ പ്രത്യേകമായ അനുഗ്രഹങ്ങൾ പ്രാപിക്കും.* ദൈവം അവരോടു പറഞ്ഞു, "ആകയാൽ നിങ്ങൾ എന്റെ വാക്ക് കേട്ടനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ചു പ്രത്യക സമ്പത്തായിരിക്കും ഭൂമി ഒക്കെയും എനിക്കുള്ളതല്ലൊ. നിങ്ങൾ എനിക്കു പുരോഹിത രാജ്യത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19:5, 6).

പത്തു കല്പനകൾ കൊടുത്തുകൊണ്ട് മോശെ യിസ്രായേൽ ജനത്തോടു പറഞ്ഞു, "നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങൾക്കു നന്നായിരിക്കേണ്ടതിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘായുസ്സോടിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചിട്ടുള്ള എല്ലാവഴിയിലും നടന്നു കൊൾവിൻ" (ആവർത്തനപുസ്തകം 5:33).

യിസ്രായേൽ ദൈവത്തിന്റെ പ്രമാണം അനുസരിച്ചാൽ, അവർ അവന്റെ പ്രത്യേക രാജ്യം ആയിരിക്കും എന്നാൽ ഈ വേദഭാഗങ്ങൾ

നമ്മെ പഠിപ്പിക്കുന്നത്. അതിനർത്ഥം അവർ അങ്ങനെ ജീവിച്ചാൽ ആ ദേശത്തു അവർ സമൃദ്ധമായി ദീർഘായുസ്സോടിരിക്കും എന്നാണ് ദൈവം അബ്രഹാമും, ഇസഹാക്കും, യാക്കൊബുമായി ഒരു നിയമത്താൽ വാഗ്ദാനം ചെയ്തതായിരുന്നു ദേശം എങ്കിലും തുടർന്നും അവർക്ക് ഈ അനുഗ്രഹം നിലനില്ക്കണമെങ്കിൽ ദൈവം യിസ്രായേലിന്നു കൊടുത്ത നിയമം അവർ പാലിക്കണമായിരുന്നു.

ആ നിയമത്തിൽ ദൈവം, മരണശേഷമുള്ള അനുഗ്രഹമോ, നിത്യജീവനോ, സ്വർഗ്ഗത്തിൽ ദൈവവുമൊത്തുള്ള ജീവിതമൊ ഉൾപ്പെടുത്തിയിരുന്നില്ല. നിയമത്തിന്റെ നിബന്ധനകൾ താല്ക്കാലികവും, അനുഗ്രഹങ്ങൾ ദേശത്ത് സമൃദ്ധിയോടുകൂടിയ ഭൗതികവുമായിരുന്നു.

(10) *ചില ശാപങ്ങൾ ആയിരുന്നു നിയമലംഘനഫലം.* യിസ്രായേൽ നിയമം അനുസരിച്ചില്ലെങ്കിൽ ദൈവം നിയമത്തിൽ പറഞ്ഞ അനുഗ്രഹങ്ങൾ പിടിച്ചു വെക്കുകയും, ആപത്തും കുഴപ്പവും അവരെ പിന്തുടരുകയും ചെയ്യും. യിസ്രായേൽ പിന്നീട് അനുഭവിച്ച കഷ്ടതയിൽ - പ്രവാസവും നാടുകടത്തലും - അടക്കം അവരിൽ വരുവാൻ കാരണം അവർ ദൈവ നിയമത്തെ ലംഘിച്ചതുകൊണ്ടാണ്.

ലേവ്യാ പുസ്തകം 26-ൽ ദൈവം യിസ്രായേലിനോടു പറഞ്ഞു,

> എന്നാൽ നിങ്ങൾ എന്റെ വാക്ക് കേൾക്കാതെയും ഈ കല്പനകൾ ഒക്കെയും പ്രമാണിക്കാതെയും എന്റെ ചട്ടങ്ങൾ ധിക്കരിച്ചു എന്റെ വിധികളെ വെറുത്തു നിങ്ങൾ എന്റെ കല്പനകൾ ഒക്കെയും പ്രമാണിക്കാതെ എന്റെ നിയമം ലംഘിച്ചാൽ ഞാനും ഇങ്ങനെ നിങ്ങളോടു ചെയ്യും (വാക്യങ്ങൾ 14-16).

വിവിധ ബുദ്ധിമുട്ടുകൾ അവരെ ബാധിക്കുമെന്നു ദൈവം പിന്നീട് പറഞ്ഞു - ഇതു അവരിൽ മാറ്റം വരുത്തിയില്ലെങ്കിൽ അവരെ ദൈവം ഏഴുമടങ്ങ് ശിക്ഷിക്കുമെന്നും പറഞ്ഞിരുന്നു (വാക്യം 18) ഇതിനു ശേഷവും, അവർ പാപത്തിൽ, തുടരുകയാണെങ്കിൽ വീണ്ടും വീണ്ടും ഏഴു പ്രാവശ്യം അവരെ ശിക്ഷിക്കുമെന്നു പറഞ്ഞിരുന്നു (വാക്യങ്ങൾ 21, 24, 28). അത്തരം ശിക്ഷയുടെ കാരണവും അവർ പറഞ്ഞിരുന്നു "എന്റെ നിയമത്തിന്റെ പ്രതികാരം നടത്തുവാൻ ഞാൻ നിങ്ങളുടെ മേൽവരും നിങ്ങൾ നിങ്ങളുടെ പട്ടണങ്ങളിൽ ഒന്നിച്ചു കൂടുമ്പോൾ ഞാൻ നിങ്ങളുടെ ഇടയിൽ മഹാമാരി അയക്കയും നിങ്ങളെ ശത്രുവിന്റെ കയ്യിൽ ഏല്പിക്കയും ചെയ്യും" (വാക്യം 25).

പെട്ടെന്നുള്ള നീതി, കഠിനജ്വരം, കൊള്ള, ശത്രുക്കളിലുള്ള കീഴ്പ്പെടുത്തൽ, ക്ഷാമം, ബാധ, മറ്റു ഭയങ്കര കാര്യങ്ങൾ സംഭവിച്ചിട്ടും അവർ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ, അവരോടു ചെയ്തതായ നിയമത്തെ അവർ പൂർണ്ണമായും ഗണ്യമാക്കുകയില്ല ''ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ ചിതറിച്ചു നിങ്ങളുടെ പിന്നാലെ വാൾ ഊരും; നിങ്ങളുടെ ദേശം ശൂന്യമാക്കയും, നിങ്ങളുടെ പട്ടണങ്ങൾ പാഴ്നിലമായും കിടക്കും" (വാക്യം 33).

**ഉപസംഹാരം**

ദൈവം യിസ്രായേലുമായി നിയമം ചെയ്തപ്പോൾ, തന്നെയും ബാധിക്കുന്ന വിധത്തിൽ അവർ പ്രവേശിക്കുന്ന കനാൻ നാട്ടിൽ അവർക്ക് ദീർഘായുസ്സോടെ സമൃദ്ധമായ അനുഗ്രഹങ്ങൾ ലഭിക്കും. ഈ നിയമം യിസ്രായേലിനു മാത്രമുള്ളതായിരുന്നു. ജനം നിയമം അനുസരിച്ചാൽ, അവർക്കു ദൈവത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കാം; എന്നാൽ അവർ അതു ലംഘിച്ചാൽ, അവൻ അവരെ ശിക്ഷിക്കയും ചെയ്യും.

© 2009 Truth for Today